**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4049** | **28-06-2024 - ൽ മറുപടിയ്ക്ക്**

**കുന്നത്തുനാട് മണ്ഡലത്തിലെ ഹെൽത്ത് ആൻഡ് വെൽനസ്സ് സെന്ററുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കുന്നത്തുനാട് മണ്ഡലത്തിൽ ഹെൽത്ത് ആൻഡ് വെൽനസ് സെന്ററുകളാക്കി ഉയർത്തിയ സബ് സെന്ററുകളിലെ നിർമ്മാണ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (എ) | അനുബന്ധമായി ചേർക്കുന്നു |
| (ബി) | പ്രസ്തുത സെന്ററുകളിൽ നിന്നും എന്തെല്ലാം സേവനങ്ങളാണ് പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതെന്ന് അറിയിക്കാമോ? | (ബി) | ജനസൗഹൃദ സേവനങ്ങൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ആരോഗ്യ ഉപകേന്ദ്രങ്ങളുടെ ഭൗതിക അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തി ജനകീയ ആരോഗ്യ കേന്ദ്രങ്ങളായി വികസിപ്പിച്ചു. വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച ജനപങ്കാളിത്തത്തോടെയാണ് ജനകീയാരോഗ്യ കേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾ ഉറപ്പു വരുത്തുന്നത്. രാവിലെ ഒൻപതു മണിമുതൽ വൈകിട്ട് നാലു മണിവരെ എല്ലാ പ്രവൃത്തി ദിനങ്ങളിലും ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു. ജനകീയ ആരോഗ്യ കേന്ദ്രത്തിൽ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ്, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, ഒരു മിഡ് ലെവൽ സർവീസ് പ്രൊവൈഡർ (MLSP) എന്നിവരുടെ സേവനം ഉണ്ടായിരിക്കുന്നതാണ്. ആശാ പ്രവർത്തകർ ഈ ടീമിന് വേണ്ട പിന്തുണ നൽകുകയും സമൂഹവുമായുള്ള കണ്ണിയായി പ്രവർത്തിക്കുകയും ചെയ്യുന്നു. ഇവർ ജനകീയ ആരോഗ്യ കേന്ദ്രം മുഖേനയുള്ള വ്യത്യസ്തങ്ങളായ ക്ലിനിക്കുകൾക്ക് നേതൃത്വം നൽകുകയും കമ്മ്യൂണിറ്റി തലത്തിൽ അടക്കം സേവനങ്ങൾ നൽകുകയും ചെയ്യുന്നു. ജനകീയ ആരോഗ്യ കേന്ദ്രങ്ങളിൽ കൂടുതൽ മെച്ചപ്പെട്ട സേവനങ്ങൾ നൽകുന്നതിന് ആവശ്യമായ പരിശീലനം JAK ടീമിന് നൽകി വരുന്നു കൂടാതെ, ജീവിതശൈലി രോഗനിർണയവും അവയുടെ പരിണിത ഫലങ്ങളുടേയും നിർണയത്തിനുള്ള ക്ലിനിക് (NCD clinic) / വയോജനങ്ങൾക്കുള്ള ക്ലിനിക്, സ്ത്രീകൾക്കുള്ള പ്രത്യേക ക്ലിനിക് (well woman clinic), വിഷയാധിഷ്ഠിത ക്ലിനിക്, ഗ്രൂപ്പ് യോഗങ്ങൾ, ഗൃഹസന്ദർശനം, ടെലി കൺസൾട്ടേഷൻ സേവനം, |

| | | | |
|---|---|---|---|
| | | | മെഡിക്കൽ കോളേജ് മുതലായ tertiary ആശുപത്രികളിൽ നിന്ന് ഡിസ്ചാർജ് ആകുന്ന ചില രോഗികൾക്ക് സേവനങ്ങൾ നൽകുക, പാലിയേറ്റീവ് ടീമിന്റെ സേവനങ്ങൾക്ക് വേണ്ട സഹകരണം നൽകുക, ജനകീയ ആരോഗ്യ ക്ലബ്ബുകൾ മുതലായ സേവനങ്ങൾ ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ വഴി ലഭ്യമാക്കുന്നു. |

സെക്ഷൻ ഓഫീസർ